# കേരള സർക്കാർ

# കൂവപ്പടി ബ്ലോക്ക്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/ഇ.കെ.എം.(ബി പി) 289/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി :05.03.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂവപ്പടി ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : കൂവപ്പടി ബ്ലോക്ക്പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂവപ്പടി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ),എറണാകുളം.
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/ഇ.കെ.എം.(ബി പി) 289/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

തീയതി :05.03.2019

**എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

.

എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ ജി.,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.02.2019 മുതൽ 27.02.2019 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും | ഹരീഷ് ബാബു.എൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ഷൈബി ഇ ഡി., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ഷിബു പൌലോസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| സ്ഥാനം/ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ബിന്ദു ഗോപാലകൃഷ്ണൻ | 01.04.2017 മുതൽ 24.11.2017 വരെ |
| പ്രസിഡന്റ് | ശ്രീ പോൾ ഉഴുപ്പ് (വൈസ് പ്രസിഡന്റ്- ഇൻചാർജ്) | 25.11.2017 മുതൽ 20.12.2017 വരെ |
| പ്രസിഡന്റ് | ശ്രീമതി മിനി ബാബു | 21.12.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി(ഇൻചാർജ്) ജോയിന്റ് ബി ഡി ഒ | ശ്രീമതി പാത്തുമ്മ എം എം | 01.04.2017മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ ജോജോ മാത്യൂ | 01.04.2017 മുതൽ 31.05.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ പി യു ശിവപ്രസാദ് | 01.06.2017 മുതൽ 28.07.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ ശ്രീ ജോജോ മാത്യൂ | 29.07.2017 മുതൽ 31.07.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി ടി എൻ മിനി | 01.08.2017 മുതൽ 31.03.2018 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ രഞ്ജൻജേക്കബ്ബ് | 01.04.2017 മുതൽ 31.03.2018 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി ബിന്ദുജ കെ എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി ഷൈനിമോൾ കെ ബി | 01.04.2017 മുതൽ 22.04.2017 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ വിജിരാജ് എം ആർ | 23.04.2017 മുതൽ 26.04.2017 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ രാജീവ് എസ് | 27.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഇൻ ചാർജ് സി.എച്ച്.സി, വേങ്ങൂർ ) | ഡോ ഇ സൈനബ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി ബീന റ്റി ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ ജിബിൻ ജോയ് | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-11 |
| 12 | ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത് | 1-12 |
| ഭാഗം 2 | | |
| 13 | വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 2-1 |
| ഭാഗം 3 | | |
| 14 | സാനിട്ടറി കോംപ്ലക്സ് നിർമ്മാണം-പ്രവൃത്തി നടപ്പാക്കിയില്ല | 3-1 |
| 15 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്-പ്രവർത്തനം ആരംഭിച്ചിട്ടില്ല | 3-2 |
| 16 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-3 |
| 17 | കാലഹരണപ്പെട്ട ചെക്കിന് പകരം കമ്മറ്റി തീരുമാനം ഇല്ലാതെ പുതിയ ചെക്ക് നൽകി | 3-4 |
| ഭാഗം 4 | | |
| പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 18 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 19 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരം | 4-2 |
| 20 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 21 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 22 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 23 | ഓഡിറ്റ് റിക്കവറി | 4-6 |
| 24 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 25 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 27 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധങ്ങൾ | |
| 28 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 29 | ഓഡിറ്റുചെയ്ത ബാലൻസ് ഷീറ്റിന്റെ പകർപ്പ് | അനുബന്ധം 2 |
| 30 | ഓഡിറ്റുചെയ്ത ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 3 |
| 31 | ഓഡിറ്റുചെയ്ത റസീപ്റ്റ് & പേമെന്റ് അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 23.03.2017 ലെ പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. നാമമാത്രമായ തനതു വരുമാനം മാത്രമുള്ള ബ്ലോക്ക് പഞ്ചായത്തിന് കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിയ്ക്കുന്ന നിശ്ചിത ഗ്രാന്റുകൾ മാത്രമാണ് വരവുള്ളതെന്നിരിക്കെ യാഥാർത്ഥ്യവുമായി ഒരു പൊരുത്തവുമില്ലാത്ത രീതിയിലാണ് ബജറ്റ് തയ്യാറാക്കിയിരിയ്ക്കുന്നത്. ബജറ്റ് യാഥാർത്ഥ്യത്തിന് നിരക്കുന്ന രീതിയിൽ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 05.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 05.10.2018-06.10.2018 | KSA-EKM(B.P)2061/18,12.10.18 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 38626660 |
| വരവ് | 73596324 |
| ആകെ | 112222984 |
| ചെലവ് | 92127081 |
| നീക്കിയിരിപ്പ് | 20095903 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

.

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | - | 37892478 | 37892478 | 35926912 | | 1965566 |
| വികസനഫണ്ട് – എസ്.സി.പി. | - | 12010116 | 12010116 | 12010116 | | |
| വികസനഫണ്ട് – ടി.എസ്.പി. | - | 306000 | 306000 | 306000 | | |
| സംരക്ഷണ ഗ്രാന്റ് – നോൺ റോഡ് | - | 5033565 | 5033565 | 5025429 | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 3413989 | 5397637 | 8811626 | 9659429 | 847803 | |
| സാനിട്ടേഷൻ | 2068055 | 104566 | 2172621 | 1038431 | 1134190 | |
| മിസ് ലേനിയസ് (ബാങ്ക് ഓഫ് ഇൻഡ്യ) | 725031 | 230339 | 955370 | 252842 | 702528 | |
| ഐ എ വൈ ലോൺ | 10700 | - | 10700 | - | 10700 | |
| ഐ എ വൈ | 29943093 | 8541652 | 38484745 | 24065041 | 14419704 | |
| പി എം എ വൈ | 2406581 | 3491094 | 5897675 | 5897675 | 0 | |
| പി എം എ വൈ (ഭരണ ചെലവുകൾ) | 45211 | 958 | 46169 | 4590720 | 261.80 | |
| പി എം എ വൈ(പുതിയത്) | 0 | 15101383 | 15101383 | 10159580 | 4641803 | |
| എം കെ എസ് പി | 0 | 36187 | 36187 | 33406 | 2781 | |
| ജോയിന്റ് വെഞ്ചർ | 0 | 260000 | 260000 | 242000 | 18000 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 118 | 65070516 | 92 | 48243028 | 23 | 3 | 78 |

## 1-7 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.02.2019 -ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഈ ദിവസം യാതൊരു തുകയും വരവായി വന്നിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.06.2018മുതൽ 28.06.2018 വരെ | 2017-18 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.2014മുതൽ 29.01.2014 വരെ | 2012-13 | 20.03.2014 |

## 1-10 ആഭ്യന്തര നിയന്ത്രണം

ഡേ ബുക്ക് എല്ലാദിവസവും പ്രിന്റെടുത്ത് ആധികാരികമാക്കി സൂക്ഷിക്കുന്നില്ല. പണം അടവിന്റേയും പണം പിൻവലിക്കുന്നതിന്റേയും കൃത്യത ഉറപ്പുവരുത്തുന്നതിനായി എല്ലാമാസവും റീകൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി ബാങ്ക് അക്കൌണ്ടുകളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ് എന്ന നിർദേശം പാലിക്കുന്നില്ല. കണ്ടിജന്റ് ചെലവുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിനായി കണ്ടിജന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-11 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ അനുബന്ധം രണ്ട് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-12 ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത്

ഓഡിറ്റ് എൻക്വയറിയെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം. | ഇനം | തിരിച്ചടച്ച തുക | ചലാൻ / രസീത് നമ്പർ/ തീയതി |
|---|---|---|---|
| 1 | മരാമത്ത്(കൺവീനർക്ക് അധികമായി നൽകിയ തുക) | 82202 | 12657/25.02.19 |
| | ആകെ | 82202 | |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വരവ് കണക്കുകളിന്മേലുള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം-3

## ചെലവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സാനിട്ടറി കോംപ്ലക്സ് നിർമ്മാണം-പ്രവൃത്തി നടപ്പാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | പാണിയേലി പോര്-സാനിട്ടറി കോംപ്ലക്സ് നിർമ്മാണം-വനസംരക്ഷണ സമിതിക്ക് ഫണ്ട് കൈമാറൽ, 133/18 |
| അടങ്കൽ | 5,00,000/-(വികസന ഫണ്ട് -സാധാരണം) |
| ചെലവ് | 5,00,000/- |
| ബിൽ നം.,തീയതി, തുക | 20/17-18,തീയതി 31.10.2017<br>തുക 5,00,000/- |
| നിർവ്വഹണം | സെക്രട്ടറി |

മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിലെ കോടനാട് റെയ്ഞ്ചിൽ പ്രവർത്തിക്കുന്ന പാണിയേലി പോര് വനസംരക്ഷണ സമിതിയുടെ ഭാഗമായിട്ടുള്ള പാണിയേലിപോര് ഇക്കോ ടൂറിസം പദ്ധതി പ്രദേശത്ത് സന്ദർശകരുടെ ഉപയോഗത്തിനായി സാനിട്ടറി ബ്ലോക്ക് നിർമ്മിക്കുന്നതിന് 16.08.2017ൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 3855/16 നമ്പർ കത്തിൽ അനുമതി നൽകുകയും ഇതിനായി മലയാറ്റൂർ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിക്ക് 5,00,000/-രൂപ 31.10.2017 ന് ബ്ലോക്ക് പഞ്ചായത്ത് കൈമാറുകയും ചെയ്തിട്ടുണ്ട്. വനസംരക്ഷണ സമിതി മുഖേന നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള ടോയ് ലറ്റ് പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ, തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് 26.02.2019 ന് നൽകിയ 4ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

# 3-2 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്-പ്രവർത്തനം ആരംഭിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | രായമംഗലം ഗ്രാമപഞ്ചായത്തിന് പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്ലാന്റിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 42/18 |
| അടങ്കൽ | 15,01,400/-(വികസന ഫണ്ട് -സാധാരണം) |
| ചെലവ് | 15,00,000/- |
| ബിൽ നം.,തീയതി,തുക | 17/17-18,തീയതി 31.10.2017 തുക 15,00,000/- |
| നിർവ്വഹണം | സെക്രട്ടറി |

രായമംഗലം ഗ്രാമപഞ്ചായത്ത് ക്ലീൻ കേരള കമ്പനിയുമായി ചേർന്ന് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 31.10.2017ൽ 15,00,000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നൽകിയിരിക്കുന്ന ധനവിനിയോഗ സാക്ഷ്യപത്രത്തിൽ അനുവദിച്ച തുക ചെലവഴിക്കാൻ സാധിക്കാത്തിനാൽ 2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും ടി തുക പൂർണ്ണമായി ഈ ആവശ്യത്തിലേക്ക് ചെലവഴിക്കുന്നതാണ് എന്നുമാണ് സെക്രട്ടറി അറിയിച്ചിരിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിന് രായമംഗലം പഞ്ചായത്ത് സെക്രട്ടറിയും ക്ലീൻ കേരള കമ്പനിയും തമ്മിൽ 27.10.2017ന് ഒപ്പ് വച്ച കരാർ കുടുംബശ്രീ മുഖേന പ്ലാസ്റ്റിക് ശേഖരിച്ച് പൊടിച്ച് പുനരുപയോഗയോഗ്യമാക്കുന്നതിനുള്ള ഷ്രെഡ്ഡിംഗ് മെഷീൻ, ബെയ് ലിംഗ് മെഷീൻ എന്നിവ കമ്പനി ലഭ്യമാക്കി സ്ഥാപിക്കുന്നതിനാണ്. കരാർ പ്രകാരം ഇൻവോയ്സ് തീയതി മുതൽ ഒരു വർഷത്തേക്കാണ് മെഷിനറിക്ക് കമ്പനി വാഗ്ദാനം ചെയ്തിരിക്കുന്ന വാറന്റി.

ചിത്രം1 ചിത്രം2






1.ബെയ് ലിംഗ് യൂണിറ്റ് 2.ഷ്രെഡ്ഡിംഗ് മെഷീൻ

ഗ്രാമപഞ്ചായത്തിലെ ഫയൽ പരിശോധിച്ചതിൽ 17.03.2018 ലെ 127/2017-18 നമ്പർ ബിൽ പ്രകാരമാണ് മെഷിനറി ലഭ്യമാക്കിയിട്ടുള്ളത്. 23.02.2019 ന് മെഷിൻ ട്രയൽ റൺ നടത്തിയെങ്കിലും വാറന്റി കാലാവധി അവസാനിക്കാൻ ഒരുമാസം മാത്രം അവശേഷിക്കുമ്പോഴും യൂണിറ്റ് പ്രവർത്തിച്ച് തുടങ്ങിയിട്ടില്ല. യൂണിറ്റ് പ്രവർത്തിപ്പിക്കാനുള്ള ജീവനക്കാരെ നിയമിക്കുന്നതുൾപ്പെടെയുള്ള ജോലികൾ ഇനിയും അവശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ 26.02.2019ലെ 3ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മെഷിനറിയുടെ ട്രയൽ റൺ

കഴിഞ്ഞിട്ടുണ്ടെന്നും രായമംഗലം ഗ്രാമപഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഉടൻ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മെഷിനറിയുടെ വാറന്റി കാലാവധി അവസാനിക്കുന്നതിന് മുൻപ് തന്നെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും സംയുക്ത സംരംഭമായ ഈ പദ്ധതിക്ക് ചെലവഴിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 3-3 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2017-18 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിർവ്വഹണം നടത്തിയ പദ്ധതിയിൽ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് തുക നൽകിയെങ്കിലും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | നിർവ്വഹണോദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ ഏജൻസി | പ്രവൃത്തിയുടെ പേര് / പ്രൊജക്റ്റ് നം | ബിൽ നം./ തീയതി | നൽകിയ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| 1. | സെക്രട്ടറി | ഒക്കൽ ഗ്രാമ പഞ്ചായത്ത് | ഒക്കൽ ഗ്രാമ പഞ്ചായത്ത് എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം -ബ്ലോക്ക് പഞ്ചായത്ത് വിഹിതം 127/18 | 127/17-18 21.11.2017 | 11,50,000/- | 6,90,000/- രൂപയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടുണ്ട്. |
| 2. | സെക്രട്ടറി | മുടക്കുഴ ഗ്രാമ പഞ്ചായത്ത് | മുടക്കുഴ ഗ്രാമപഞ്ചായത്ത് എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം- ബ്ലോക്ക് പഞ്ചായത്ത് വിഹിതം 137/18 | 43/2017-18 13.03.2018 | 11,00,000/- | 774647/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. |
| 3. | സെക്രട്ടറി | രായമംഗലം ഗ്രാമ പഞ്ചായത്ത് | രായമംഗലം ഗ്രാമ പഞ്ചായത്ത് എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം- | 44/2017-18 03.03.2018 45/2017-18 21.03.2018 | 4,00,000/- 7,00,000/- | 9,00,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. |

| | | | | | | |
|---|---|---|---|---|---|---|
| | | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം 124/18 | | | |
| 4. | സെക്രട്ടറി | കുവപ്പടി ഗ്രാമ പഞ്ചായത്ത് | കുവപ്പടി ഗ്രാമ പഞ്ചായത്ത് എസ് സി വിദ്യാർത്ഥി കൾക്ക് പഠനമുറി നിർമ്മാണം-ബ്ലോക്ക് പഞ്ചായത്ത് വിഹിതം 136/18 | 28/2017-18 11.12.2017 | 14,00,000/- | വിനിയോഗ സാക്ഷ്യപത്രം ഹാജരാ ക്കിയിട്ടില്ല. |
| 5. | സെക്രട്ടറി | വേങ്ങൂർ ഗ്രാമ പഞ്ചായത്ത് | വേങ്ങൂർ ഗ്രാമ പഞ്ചായത്ത് എസ് സി വിദ്യാർ ത്ഥികൾക്ക് പഠനമുറി നിർമ്മാണം-ബ്ലോക്ക് പഞ്ചായത്ത് വിഹിതം 138/18 | 34/17-18 20.01.2018 | 5,70,000/- | വിനിയോഗ സാക്ഷ്യപത്രം ഹാജരാ ക്കിയിട്ടില്ല. |
| 6. | സെക്രട്ടറി | വേങ്ങൂർ ഗ്രാമ പഞ്ചായത്ത് | വേങ്ങൂർ ഗ്രാമപ ഞ്ചായത്ത്-വാർഡ് 6 കണ്ണംപറമ്പ് കൊള്ളിമറ്റം കുടിവെള്ള പദ്ധതി -ബ്ലോക്ക് പഞ്ചായത്ത് വിഹിതം-സംയുക്ത പ്രോജക്ട് | 55/17-18 24.03.2018 | 1,86,820/- | വിനിയോഗ സാക്ഷ്യ പത്രം ഹാജരാ ക്കിയിട്ടില്ല. |

മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-4 <u>കാലഹരണപ്പെട്ട ചെക്കിന് പകരം കമ്മറ്റി തീരുമാനം ഇല്ലാതെ</u>

## പുതിയ ചെക്ക് നൽകി

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനത്തിന് ടയർ വാങ്ങിയ വകയിൽ Four Wheels എന്ന സ്ഥാപനത്തിന്റെ പ്രൊപ്രൈറ്റർക്ക് 08.02.2016-ൽ നൽകിയ 26950/-രൂപയുടെ 1791058 നമ്പർ ചെക്കിന്റെ കാലാവധി 07.05.2016-ൽ അവസാനിച്ചിരുന്നതാണ്. ചെക്ക് തിരിച്ച കിട്ടാനാവാത്തവിധം നഷ്ടപ്പെട്ടുപോയതായി 23.03.2017-ൽ ചെക്ക് കൈപ്പറ്റിയ Four Wheels എന്ന സ്ഥാപനത്തിന്റെ പ്രൊപ്രൈറ്ററുടെ അപേക്ഷ പരിഗണിച്ച് 24.05.2017-ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സി.863/2017 നമ്പർ ഉത്തരവു പ്രകാരം ടിയാൾക്ക് 24.5.2017 തീയതി 3919650 നമ്പർ പുതിയ ചെക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരമില്ലാതെ മേൽപ്രകാരം പുതിയ ചെക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.6) നൽകിയതിന് ലഭിച്ച മറുപടിയിൽ മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കുകയില്ല എന്ന് അറിയിച്ചു. ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരമില്ലാതെയുള്ള മേൽപ്രകാരമുള്ള നടപടികൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 4802594 | പി എം എ വൈ വിഹിതം | 1957750 | 2844844 |
| ഗ്രാമ പഞ്ചായത്തുകൾ | 1222500 | പി എം എ വൈ വിഹിതം | 1107500 | 115000 |
| ഗ്രാമ പഞ്ചായത്തുകൾ | 1400000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 1400000 | 0 |
| ഗ്രാമ പഞ്ചായത്തുകൾ | 2600500 | സമഗ്ര നെൽകൃഷി വികസനം | 2600500 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ലോൺ | സ.ഉ. സാധാ. 90/13/ ത.സ്വഭ.വ /14.3.13 | 1,04,25,000 | 63,41,487 | 1042500 | 0 | 5298987 |

വായ്പ തിരിച്ചടച്ചത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താതിരുന്നതിനാൽ തിരിച്ചടക്കാൻ ബാക്കി നിൽക്കുന്ന തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1998-99 | 2000-01 | അദ്ധ്യായം IV 7(43)(a) പേജ് 41 | 1,47,000 | കല്ലിൽ ഗവ. എൽ. പി.സ്കൂൾ കെട്ടിട നിർമ്മാണം - വേലയുടെ മൂല്യത്തേക്കാൾ കൂടുതൽ തുക നല്കി | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 2000-01 | അദ്ധ്യായം IV 7(43)(b) പേജ് 41 | 29,000 | കുവപ്പടിമേലേത്തിനാൽ പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - പമ്പ് സെറ്റ് വാങ്ങിയതിലെ ക്രമക്കേടുകൾ | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 2000-01 | അദ്ധ്യായം IV 7(43)(c) പേജ് 41 | 50,000 | ഇരിങ്ങോൾ - ഇരവിച്ചിറ കമ്മ്യൂണിറ്റി സെന്റർ നിർമ്മാണം | തീർപ്പാക്കിയിട്ടില്ല |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് ₹ | 73596324 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് ₹ | 92127081 |
| വരവിനങ്ങളിലുള്ള നഷ്ടം ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ₹ | ഇല്ല |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ.(സി1).2137/2011/21.11.2011 |
| 1998-99 | |
| 1999- 2000 | |
| 2000-01 | |
| 2000-01 | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | കെ.എസ്.എ.ഇ.കെ.എം. (ബി.പി1)121/ 2016/ 3.3.2016 |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2010-11 | |
| 2011-12 | |
| 2012-13 | എൽ.എഫ്.ഇ. (ബി.പി.1) 296/2014 /25.3.2014 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം. (ബി.പി1)572/ 2016/ 4.4.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം. (ബി.പി1)354/ 2017/ 3.4.2017/6.5.2017 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം. (ബി.പി)2099/ 2017/ 31.11.2017 |

ജോയിന്റ് ഡയറക്ടർ

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഇ.കെ.എം.(ബി പി)289/2019

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271,
lfadekm@gmail.com

തീയതി:05.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ജോയിന്റ് ഡയറക്ടർ

.

## അനുബന്ധം - 2

## 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ബ്ലോക്ക് പഞ്ചായത്തിന്റെ താഴെപ്പറയുന്ന അക്കൗണ്ടുകളിലെ തുക നീക്കിയിരിപ്പിൽ [RP 40(b)] ഉൾപ്പെടുത്തിയിട്ടില്ല.

(എ). IAY Administration cost A/C 7951 ൽ 31.03.2018 ലെ നീക്കിയിരിപ്പ് 261.80/-.

(ബി). NREGA – A/c 112 ൽ 31.03.2018 ലെ നീക്കിയിരിപ്പ് 470.25/-.

2. 21.03.2015 ലെ ജി.ഒ.(പി)നം.119/2015/ഫിൻ പ്രകാരം BPFAI അക്കൗണ്ട് നിലവിൽ ഇല്ല. എന്നാൽ ടി അക്കൗണ്ടിൽ 14000/- രൂപ നീക്കിയിരിപ്പുള്ളതായാണ് RP 40(b) യിൽ കാണിച്ചിരിക്കുന്നത്. ഇതിന്റെ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3. EDCB IAY Loan A/c 25 ൽ 31.03.2016 വരെയുള്ള ഇടപാടുകൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. പാസ്ബുക്ക് കാലികമാക്കി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. NREGA – A/c 112 ൽ 31.03.2018 ലെ നീക്കിയിരിപ്പ് 470.25/- എന്നാൽ ബാലൻസ് ഷീറ്റിൽ (B-4) ബാധ്യതയായി 2058/- രൂപയാണ് കാണിച്ചിരിക്കുന്നത്.

5. ട്രയൽ ബാലൻസ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള താഴെപ്പറയുന്ന തുകകൾ RP സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

160100799 Other revenue grants - 99012

250200501 Minor irrigation – lift irrigation General1 - 921215

6. ട്രയൽ ബാലൻസ് പ്രകാരമുള്ള താഴെപ്പറയുന്ന തുകകൾ RP സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ട്രയൽ ബാലൻസ് പ്രകാരം | RP സ്റ്റേറ്റ്മെന്റ് |
|---|---|---|
| Housing general | 10513304 | 10604747 |

7. സമ്പൂർണ്ണ ശുചിത്വം അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ പ്രകാരം 31.03.2018 ലെ നീക്കിയിരിപ്പ് 1134190/- ആണ്. ടി തുക തന്നെയാണ് RP 40(b) യിൽ കാണിച്ചിരിക്കുന്നത്. എന്നാൽ ബാലൻസ് ഷീറ്റ് B-4 ൽ കാണിച്ചിരിക്കുന്നത് 986264/ - രൂപയാണ്.

8. ലെഡ്ജർ പ്രകാരമുള്ള തുകയും RP സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം (RP 31) | ലെഡ്ജർ പ്രകാരം | RP സ്റ്റേറ്റ്മെന്റ് പ്രകാരം | റിമാർക്സ് |
|---|---|---|---|
| 320300103 – grant, funds & Contribution for specific purpose – other govt agencies TSC | 39087 | 42863 | ലെഡ്ജറിലെ ഓരോ വരവും കൂട്ടിയെടുക്കുമ്പോൾ RP സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക വരുന്നുണ്ട്. |

9. 320700203 contribution for joint venture project from Block panchayath (RP 31) എന്ന ഹെഡ്ഡിൽ കാണിച്ചിരിക്കുന്ന 847000/- രൂപ ബ്ലോക്ക് പഞ്ചായത്തിന് തൻവർഷം ലഭിച്ച വികസനഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായുള്ള IAY പ്രോജക്ട് പ്രകാരം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകയാണ്. അതിനാൽ ടി തുക യഥാർത്ഥ വരവല്ല. ഇത് ഇരട്ടിപ്പിനിടയാക്കുന്നു. ചെലവിലും ഇതേ അപാകത ഉണ്ടാകുന്നു.

10. ഡെപ്പോസിറ്റ് രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

11. RP സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്ന താഴെപ്പറയുന്ന തുകകളല്ല ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്നത്.

| ഇനം | RP സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് | 5025429 | 2613296 |
| സമ്പൂർണ്ണ ശുചിത്വം | 61703 | - |
| Grant for Festival | 69945 | 66945 |
| Grants funds for specific purpose – 320300103 | 42863 | - |
| - do – 320300199 | 20000 | - |
| Contribution for joint venture project from grama | 100000 | - |

| | | |
|---|---|---|
| panchayath (revenue) | | |
| Contribution for joint venture project centrally sponsored scheme from gramapanchayath | 1897500 | 5121287 |
| Contribution for joint venture project centrally sponsored scheme from district panchayath | 6032565 | 11435703 |
| Contribution for joint venture project centrally sponsored scheme from Block panchayath | 847000 | 10315287 |
| Electricity Charges | 544114 | 579474 |
| Housing general | 10604747 | 10513304 |

RP 36 – other liabilities, RP 29 – earmarked funds, RP 34 – deposit received എന്നിവയിലെ തുകയും ചേർത്തിട്ടില്ല. കൂടാതെ ചെലവു ഭാഗത്ത് വരുന്ന RP-31, 36, 32, 34, 38, 40, 43, 47 എന്നിവയിലെ തുകയും ചേർത്തിട്ടില്ല.

12. RP സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്ന താഴെപ്പറയുന്ന തുകകളല്ല ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്നത്.

| ഇനം | RP സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന തുക |
|---|---|---|
| Capital work in progress | 9309844 | 647219 |
| Resumption amount | 3016785 | 2936785 |

ജോയിന്റ് ഡയറക്ടർ